**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1962** **29-09-2025 - ൽ മറുപടിയ്ക്ക്**

**വൈപ്പിൻ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | വൈപ്പിൻ മണ്ഡലത്തിൽ വിവിധ പദ്ധതിപ്രകാരം ഫിഷറീസ് വകുപ്പ് 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കിവരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | വൈപ്പിൻ മണ്ഡലത്തിൽ വിവിധ പദ്ധതി പ്രകാരം ഫിഷറീസ് വകുപ്പ് 2021 മുതൽ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1) സംയോജിത ആധുനിക തീരദേശ മത്സ്യബന്ധന ഗ്രാമങ്ങൾ (IMCFV's)**<br><br>പ്രധാനമന്ത്രി മത്സ്യ സമ്പാദ യോജന (PMMSY) പ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ഇന്റഗ്രേറ്റഡ് മോഡൽ കോസ്റ്റൽ ഫിഷിംഗ് വില്ലേജ് മാതൃകാ മത്സ്യഗ്രാമം പദ്ധതിയുടെ ഭാഗമായി, സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിലായി 9 മത്സ്യഗ്രാമങ്ങൾ നവീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ നിർവഹണ ഏജൻസിയായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ (KSCADC) നെയാണ് തിരഞ്ഞെടുത്തിട്ടുള്ളത്. എറണാകുളം ജില്ലയിലെ നായരമ്പലം മത്സ്യ ഗ്രാമത്തെ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതിയിൽ എറണാകുളം ജില്ലയിൽ നായരമ്പലം മത്സ്യഗ്രാമത്തിന് 710.24 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ 60 ശതമാനം കേന്ദ്ര വിഹിതവും 40 ശതമാനം സംസ്ഥാന വിഹിതവുമാണ്.<br><br>**2)കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള തീരദേശ മത്സ്യഗ്രാമം**<br><br>കടൽതീരത്തിന് സമീപമുള്ള 100 തീരദേശ മത്സ്യബന്ധന ഗ്രാമങ്ങളെ<br><br>കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള തീരദേശ മത്സ്യഗ്രാമങ്ങളായി (CRCFV) വികസിപ്പിക്കുന്നതിനുള്ള ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ട്. |

ഈ പദ്ധതി വഴി ഗ്രാമങ്ങളുടെ സാമ്പത്തിക സജീവത വർദ്ധിപ്പിക്കുകയും, കാലാവസ്ഥാ വ്യതിയാനങ്ങളോടുള്ള പ്രതിരോധ ശേഷി ഉറപ്പാക്കുകയും ചെയ്യുക

എന്നതാണ് ലക്ഷ്യം. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡ് (NFDB) പദ്ധതി നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നു. CRCFV പദ്ധതി നടപ്പാക്കുന്നതിന് 200 കോടി രൂപ NFDB ക്ക് അനുവദിച്ചിട്ടുണ്ട്.

തെരെഞ്ഞെടുക്കപ്പെട്ട മത്സ്യഗ്രാമത്തിന് പദ്ധതി പ്രകാരം 2 കോടി രൂപയുടെ പദ്ധതികളാണ് ലഭ്യമാകുക.

എറണാകുളം ജില്ലയിൽ ഞാറക്കൽ, എടവനക്കാട് എന്നീ മത്സ്യഗ്രാമങ്ങളാണ് CRCFV പദ്ധതി നടപ്പാക്കുന്നതിനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നത്.

സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന വൈപ്പിൻ മണ്ഡലത്തിൽ ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം, ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)**

മത്സ്യമേഖലയെ ആശ്രയിച്ച് ചെയ്യുന്ന തൊഴിലിൽ നിന്ന് വ്യത്യസ്തമായി മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി നടപ്പിലാക്കി. ഇതിൽ 2 മുതൽ 5 വരെ മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങുന്ന ചെറുകിട തൊഴിൽ സംരംഭങ്ങളാണ് ആരംഭിച്ചിരിക്കുന്നത്. സംരംഭം ആരംഭിക്കുന്നതിനായി ഒരംഗത്തിന് ഒരു ലക്ഷം രൂപ (ഒരു യൂണിറ്റിന് പരമാവധി 5 ലക്ഷം രൂപ) വരെ ഗ്രാൻറ് അനുവദിക്കുന്നു. പദ്ധതി തുകയുടെ 75 ശതമാനം ഗ്രാൻറും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃ വിഹിതവുമാണ്.

ഈ പദ്ധതിയിലൂടെ തിരഞ്ഞെടുത്തിരിക്കുന്ന യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്, ടെക്നോളജി ഇംപ്രൂവ്മെൻറ്, പലിശ സബ്സിഡി, കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം, ബ്രാൻറിങ്ങ് & മാർക്കറ്റിങ്ങ് എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | **<u>ജോയിൻറ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി)</u>**<br><br>മത്സ്യ അനുബന്ധ തൊഴിൽ ചെയ്യുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരുടെയും കൊള്ളപ്പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG Project പദ്ധതി നടപ്പിലാക്കി. 5 പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ടി പദ്ധതിയിലൂടെ ആരംഭിച്ചത്. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ (ഒരു ഗ്രൂപ്പിന് 50000/- രൂപ) വീതം പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകി. റിവോൾവിംഗ് ഫണ്ട് തിരിച്ചടച്ച യൂണിറ്റുകൾക്ക് ഒരു യൂണിറ്റിന് ഒരു ലക്ഷം രൂപ (ഒരംഗത്തിന് 20000 രൂപ) വരെ തുടർ ഘട്ടങ്ങളിൽ അനുവദിക്കുന്നു. റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് ടി യൂണിറ്റുകൾക്ക് വീണ്ടും ഫണ്ട് ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിൻറെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പ് വരുത്തുവാൻ ഈ പദ്ധതിയിലൂടെ സാധിക്കുന്നു.<br><br>**<u>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ</u>**<br><br>വൈപ്പിൻ മണ്ഡലത്തിൽ വിവിധ പദ്ധതിപ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>**<u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>**<br><br>വൈപ്പിൻ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന 2021 മുതൽ ഫിഷറീസ് ഡെപ്പോസിറ്റ് ഉപയോഗിച്ച് നടപ്പിലാക്കിയ 5 പ്രവൃത്തികളും തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ 11 പ്രവൃത്തികളും എം.എൽ.എ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ 40 പ്രവൃത്തികളുമുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച തുക, ഭരണാനുമതി നൽകിയ തീയതി എന്നിവ വ്യക്തമാക്കാമോ; | (ബി) | സംയോജിത ആധുനിക തീരദേശ മത്സ്യബന്ധന ഗ്രാമം പദ്ധതിക്കായി നായരമ്പലം മത്സ്യഗ്രാമത്തിന് 07.05.2024 നു 710.24 ലക്ഷം രൂപ ഭരണാനുമതി ഉത്തരവായിട്ടുള്ളതാണ്. |

| | | | |
|---|---|---|---|
| | | | കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള തീരദേശ മത്സ്യഗ്രാമം പദ്ധതിക്കായി ഞാറക്കൽ, എടവനക്കാട് മത്സ്യഗ്രാമത്തിന് 03.01.2025 നു 200.61 ലക്ഷം രൂപ ഭരണാനുമതി ഉത്തരവായിട്ടുള്ളതാണ്.<br><br>സാഫ് മുഖേന അനുവദിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു.<br>വൈപ്പിൻ മണ്ഡലത്തിലെ പ്രവർത്തനങ്ങൾക്കായി പ്രത്യേക ഭരണാനുമതി നൽകിയിട്ടില്ല.<br>സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരമാണ് വൈപ്പിൻ മണ്ഡലത്തിൽ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്.<br><br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ അനുവദിച്ച തുക, ഭരണാനുമതി നൽകിയ തീയതി എന്നിവ അനുബന്ധം - 3 ആയി ചേർക്കുന്നു.<br><br>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ അനുവദിച്ച തുക, ഭരണാനുമതി നൽകിയ തീയതി എന്നിവ അനുബന്ധം - 4 ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ? | (സി) | സംയോജിത ആധുനിക തീരദേശ മത്സ്യബന്ധന ഗ്രാമം പദ്ധതിയുമായി യുമായി ബന്ധപ്പെട്ട് ഫിഷ് ലാന്റിംഗ് സെന്റർ അടിസ്ഥാന സൗകര്യ വികസനം, പുതിയ ടോയ് ലറ്റ് സമുച്ചയ നിർമ്മാണം, ഫിഷ് പ്രോസസിംഗ് യൂണിറ്റ് നിർമ്മാണം, മൾട്ടി പർപ്പസ് യൂട്ടിലിറ്റി സെന്റർ നിർമ്മാണം മുതലായവ പുരോഗമിച്ചു വരുന്നു. അതോടൊപ്പം ഫിഷറീസുമായി ബന്ധപ്പെട്ട ഇക്കോ-ടൂറിസം പ്രവർത്തനങ്ങൾ, കോസ്റ്റൽ ബയോ ഷീൽഡിംഗ്, കൃത്രിമ പാര് നിക്ഷേപം മുതലായവ നടന്നു വരുന്നുണ്ട്. ഇലക്ട്രിക് ഫിഷ് വെൻഡിംഗ് ഓട്ടോ കിയോസ്ക് 5 എണ്ണം മത്സ്യത്തൊഴിലാളി വനിതകൾക്ക് വിതരണം നടത്തി.<br><br>കാലാവസ്ഥാ പ്രതിരോധ ശേഷിയുള്ള തീരദേശ മത്സ്യഗ്രാമം പദ്ധതിയുമായി ബന്ധപ്പെട്ടു പൊതു മാർക്കറ്റ് നിർമ്മാണം, സോളാർ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, ഫിഷ് വെൻഡിംഗ് ഓട്ടോ കിയോസ്ക്, ഓരു ജല മത്സ്യ കൂട് കൃഷി എന്നീ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>ടി കാലയളവിൽ അനുമതി ലഭിച്ച പദ്ധതികളുടെ പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതികളുടെ കീഴിൽ ആരംഭിച്ച ഗ്രൂപ്പുകൾ നല്ല |

| | | | |
|---|---|---|---|
| | | | രീതിയിൽ  പ്രവർത്തിച്ചുവരികയും അവരുടെ വരുമാനം മെച്ചപ്പെടുകയും ചെയ്തിട്ടുണ്ട്. യൂണിറ്റുകൾക്ക് 2024-25 സാമ്പത്തിക വർഷത്തിൽ 71081 തൊഴിൽദിനങ്ങളിലായി 314.30 ലക്ഷം രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. 2024-25 സാമ്പത്തിക വർഷത്തിൽ 15.39 കോടി രൂപയുടെ വിറ്റുവരവ് ലഭിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ 2021 മുതൽ നടപ്പിലാക്കിയിട്ടുള്ളതും നടപ്പിലാക്കി വരുന്നതുമായ വികസന പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അനുബന്ധം - 5 ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം – 1**

| കേന്ദ്രസംസ്ഥാന ധനസഹായപദ്ധതി | | | |
|---|---|---|---|
| **ക്രമ നമ്പർ** | **പദ്ധതി** | **അടങ്കൽ തുക (ലക്ഷത്തിൽ)** | **നിലവിലെ സ്ഥിതി** |
| 1 | PMMSY സംയോജിത ആധുനിക മത്സ്യഗ്രാമപദ്ധതി, നായരമ്പലം | 710.24 | പദ്ധതി പുരോഗമിക്കുന്നു |
| **കേന്ദ്ര ധനസഹായപദ്ധതി** | | | |
| 1 | ക്ലൈമറ്റ് റസീലിയൻറ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, എടവനക്കാട് | 200.00 | പദ്ധതി പുരോഗമിക്കുന്നു |
| 2 | ക്ലൈമറ്റ് റസീലിയൻറ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, ഞാറയ്ക്കൽ | 200.00 | പദ്ധതി പുരോഗമിക്കുന്നു |

## അനുബന്ധം – 2

| ക്രമ നം. | പദ്ധതി | ഘടകങ്ങൾ | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം | 21 | 60 | 59.12 |
| 2 | സാങ്കേതിക വിദ്യ നവീകരണം | 12 | 38 | 5.38 |
| 3 | വർക്കിംഗ് ക്യാപിറ്റൽ റിവോൾ വിംഗ് ഫണ്ട് | 98 | 280 | 74.75 |
| 4 | ഗ്രാജ്ജുവേറ്റിംഗ് ആക്ടിവിറ്റി ഗ്രൂപ്പ്സ് ടു ബിസിനസ്സ് ഗ്രൂപ്പ്സ് | 56 | 164 | 1.91 |
| 5 | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് | 50 | 250 | 138.50 |

**അനുബന്ധം – 3**
**കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

| കേന്ദ്ര ധനസഹായപദ്ധതി | | |
|---|---|---|
| **പദ്ധതി** | **അനുവദിച്ച തുക (ലക്ഷത്തിൽ)** | **ഭരണാനുമതി നൽകിയ തീയതി** |
| PMMSY സംയോജിത ആധുനിക മത്സ്യഗ്രാമ പദ്ധതി, നായരമ്പലം | 710.24 | 07/08/2024 |
| ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ് | 200.00 | 03/01/2025 |
| ക്ലൈമറ്റ് റസീലിയന്റ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ് | 200.00 | 03/01/2025 |

## അനുബന്ധം – 4

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്

| I. ഡെപ്പോസിറ്റ് വർക്ക് | | | | |
|---|---|---|---|---|
| ക്രമ നം. | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഭരണാനുമതി നൽകിയ തീയതി | നിലവിലെ സ്ഥിതി |
| 1. | മുനമ്പം ഫിഷിംഗ് ഹാർബറിന്റെ അഡീഷണൽ സേഫ്റ്റി: കോൺക്രീറ്റ് വാൾ നിർമ്മാണം, കോമ്പൗണ്ട് വാളിന്റെ ഫെൻസിംഗ്, ചെയിൻ ലിങ്ക് ഫെൻസിംഗ്, കോമ്പൗണ്ട് വാളിന്റെ ഗേറ്റിന്റെ ഉയരം കൂട്ടുന്ന പ്രവൃത്തി. | 18.3 | 14/03/2023 | പൂർത്തീകരിച്ചു. |
| 2. | വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്ററിലെ ഓക്ഷൻ ഹാളിലെ അറ്റകുറ്റപ്പണികൾ. | 11 | 21/02/2024 | പൂർത്തീകരിച്ചു. |
| 3. | മുനമ്പം ഫിഷിംഗ് ഹാർബർ മാനേജ്മെന്റ് സൊസൈറ്റി – ക്യാന്റീൻ ബിൽഡിംഗിന്റെ അറ്റകുറ്റപ്പണികൾ | 16.7 | 11/03/2024 | പൂർത്തീകരിച്ചു. |
| 4. | മുനമ്പം അപ്രോച്ച് റോഡ് | 66 | 03/07/2024 | പൂർത്തീകരിച്ചു. |
| 5. | ക്യാപിറ്റൽ റിപ്പയേർസ് & മെയിന്റനൻസ് – ക്യാപ്പിറ്റൽ ഡ്രെഡ്ജിംഗ് & റിക്ലമേഷൻ ഓഫ് വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്റർ | 100 | 11/07/2025 | പുനഃദർഘാസ് ക്ഷണിച്ചിരിക്കുന്നു. |

| I. തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതി | | | | |
|---|---|---|---|---|
| ക്രമ നം. | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക (തുക ലക്ഷത്തിൽ) | ഭരണാനുമതി നൽകിയ തീയതി | നിലവിലെ സ്ഥിതി |
| 2021-22 | | | | |
| 1 | കമ്പനിപീടിക ജെട്ടി റോഡ് | 58.3 | 26/10/21 | പ്രവൃത്തി പൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| | വാർഡ് – 12 | | | |
| 2 | നാലുസെന്റ് പള്ളി റോഡ് വാർഡ് – 1 | 13.8 | 26/10/2021 | അസറ്റ് രജിസ്റ്റർ പഞ്ചായത്തിൽ നിന്നും ലഭിച്ചിട്ടില്ല. ആയതിനാൽ ഭരണാനുമതി റദ്ദ് ചെയ്യുന്നതിന് ശുപാർശ സമർപ്പിച്ചിട്ടുണ്ട്. |
| 3 | കലവംപാറ റോഡ് വാർഡ് –14 | 31.4 | 26/10/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| | | **2022-23** | | |
| 4 | കർത്തിടം – പടിഞ്ഞാറേ ആറാട്ടുവഴി റോഡ് വാർഡ് 3, 4, 7 | 111 | 20/09/2022 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5 | നേതാജി ബീച്ച് റോഡ് വാർഡ് 11 | 59.9 | 21/10/2022 | പ്രവൃത്തി പൂർത്തീകരിച്ചു. |
| | | **2023-24** | | |
| 6 | കാപ്പിൻചിറ കോളനി റോഡ് - വാർഡ് 2-നായരമ്പലം പഞ്ചായത്ത് | 72.4 | 03/07/2023 | പ്രവൃത്തി പുരോഗമിക്കുന്നു. (90% പ്രവൃത്തി പൂർത്തീകരിച്ചു.) |
| 7 | ഠാണാവ് തോട് റോഡ് - കുഴിപ്പിള്ളി ഗ്രാമപഞ്ചായത്ത് | 91.5 | 02/08/2023 | പ്രവൃത്തി പുരോഗമിക്കുന്നു. |
| | | **2024-25** | | |
| 8 | വയൽത്തറ റോഡ് വാർഡ് 7 - കടമക്കുടി പഞ്ചായത്ത് | 82.2 | 13/08/2024 | പ്രവൃത്തി പുരോഗമിക്കുന്നു. |
| | | **2025-26** | | |
| 9 | അഞ്ചലോട്ട ലെയ്ൻ IInd റീച്ച് (വാർഡ് - 10) | 32.9 | 03/06/2025 | ദർഘാസ് ക്ഷണിച്ചു. |
| 10 | KPMS - TV സെന്റർ റോഡ് (വാർഡ്-14) | 42.6 | 03/06/2025 | ദർഘാസ് ക്ഷണിച്ചു. |
| 11 | വൈപ്പിൻ ഫിഷ് ലാന്റിംഗ് സെന്റർ - പാർക്കിംഗ് ഏരിയ, ഡ്രെയിൻ, അപ്രോച്ച് റോഡ് എന്നിവയുടെ നിർമ്മാണം | 50 | 24/06/2025 | പ്രവൃത്തി പുരോഗമിക്കുന്നു. |

**I.MLA ADS & SDF പദ്ധതികൾ**

| ക്രമ നം. | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക | ഭരണാനുമതി നൽകിയ തീയതി | നിലവിലെ സ്ഥിതി |
|---|---|---|---|---|
| | | **2020-2021 - MLA ADS** | | |
| 1. | കൈമൾ ചിറ റോഡ് | 22.9 | 23/01/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |

| | | | | |
|---|---|---|---|---|
| 2. | കാവലംപാറ ഗംഗാധരൻ റോഡ് | 19.8 | 27/01/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3. | കിഴക്കേ മഞ്ഞണക്കാട് റോഡ് | 72.5 | 02/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 4. | പുറത്തിയാറ്റ റോഡ് | 28 | 02/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 5. | ഓടമ്പിള്ളി റോഡ് | 21 | 02/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6. | ജോർജ്ജ് ഈഡൻ റോഡ് | 17 | 06/02/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 7. | കോതാട് തെക്കേ ഫെറി റോഡ് | 32.8 | 06/02/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 8. | കണ്ണറ്റതറ റോഡ് | 16.2 | 06/02/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 9. | കരിക്കശ്ശേരി തൊമ്മൻ സ്മാരക റോഡ് | 25.6 | 07/02/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 10. | കൊടിയന്ത്ര റോഡ് | 33.3 | 16/02/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 11. | മുട്ടത്തിൽ പുതുശ്ശേരി റോഡ് | 28.7 | 16/02/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| **2020-21 SDF** | | | | |
| 1. | സേക്രട്ട് ഹാർട്ട് റോഡ് | 4.6 | 19/02/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 2. | ഫിഷ് ഫാം റോഡ് | 50 | 19/02/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 3. | സഹോദര നഗർ - രണ്ട് കൾവർട്ടുകൾ, കെ.വി. കുമാരൻ റോഡ് ഒരു കൾവർട്ട് നിർമ്മാണ പ്രവൃത്തി | 25.4 | 22/02/2021 | പ്രവൃത്തി പൂർത്തീകരിച്ചു. |
| **2022-23ADS** | | | | |
| 1 | കച്ചേരിപ്പടി ഗ്രൗണ്ട് മൾട്ടി പർപ്പസ് കളിസ്ഥലനിർമ്മാണ, ഓപ്പൺ സ്റ്റേജ്, പ്ലേ ഏരിയ- | 115 | 30/12/2023 | കോമ്പൗണ്ട് വാളിന്റെ നിർമ്മാണം 60% പൂർത്തീകരിച്ചു. പ്രവൃത്തി പുരോഗമിക്കുന്നു. |
| **2023-24 ADS** | | | | |
| 1 | മാളിപ്പുറം മൈതാനത്തിന്റെ സൗന്ദര്യവൽക്കരണം :- കളിസ്ഥലനിർമ്മാണം, ഓപ്പൺ സ്റ്റേജ്, ബൗണ്ടറി വാൾ | 99.4 | 18/12/2023 | പ്രവൃത്തി പുരോഗമിക്കുന്നു. |

| | | | | |
|---|---|---|---|---|
| | നിർമ്മാണം, | | | |
| 2 | സീ ഷോർ റോഡിന്റെ ബാലൻസ് പ്രവൃത്തി | 20 | 30/01/2024 | പ്രവൃത്തി പൂർത്തീകരിച്ചു. |
| **2024-25ADS** | | | | |
| 1 | പൊഴിൽ റോഡിന്റെ രൂപീകരണം | 41.7 | 30/07/2024 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 2 | ഞാറയ്ക്കൽ ഗ്രാമപഞ്ചായത്ത് - വാർഡ് 15, 16 -ലെ ഫിഷറീസ് റോഡിന്റെ നിർമ്മാണം | 60.5 | 11/09/2024 | പ്രവൃത്തി പുരോഗമിക്കുന്നു. |
| 3 | തെക്കേ മാളിപ്പുറം മസ്ജിദ് റോഡ് നിർമ്മാണം | 38.4 | 25/09/2024 | റീടെണ്ടർ ചെയ്തു. |
| 4 | ചേറാടി റോഡിന്റെ നിർമ്മാണം | 33.3 | 25/11/2024 | സൈറ്റ് കൈമാറിയിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്. |
| 5 | സെന്റ് ജോൺ ചർച്ച് റോഡ് - പുനരുദ്ധാരണം | 10 | 30/12/2024 | പ്രവൃത്തി പൂർത്തീകരിച്ചു. |
| 6 | വേബ്ലതോട് റോഡ് & കൾവർട്ട് നിർമ്മാണം | 35 | 30/12/2024 | പുനർ ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. |
| 7 | ജനതാ റോഡിന് സമീപത്തുള്ള റോഡിന്റെയും ഡ്രെയിനിന്റെയും നിർമ്മാണം | 26.7 | 23/01/2025 | റീടെണ്ടർ ചെയ്തു. |
| 8 | ഫിഷ് ഫാം റോഡ് | 46 | 17/03/2025 | സെലക്ഷൻ നോട്ടീസ് നൽകിയിട്ടുണ്ട്. |
| 9 | തോട്ടക്കാത്ത് മാത്യു റോഡ് - പുനരുദ്ധാരണം | 25 | 26/03/2025 | റീടെണ്ടർ ചെയ്തു. |
| **2024-25 SDF** | | | | |
| 1 | സെന്റ്മേരീസ് ചർച്ച് ലെയ്ൻ റോഡ് | 10 | 16/06/2025 | ടെണ്ടർ ചെയ്തിട്ടുണ്ട്. |
| **2025-26ADS** | | | | |
| 1 | 22 കോളനി റോഡ് നിർമ്മാണം | 38 | 30/06/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |
| 2 | SKVA റോഡ് | 15.08 | 30/06/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |
| 3 | സെമിത്തേരി റോഡ് | 22.5 | 30/06/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |

| | | | | |
|---|---|---|---|---|
| 4 | സെന്റ് മേരീസ് റോഡ് – പുനരുദ്ധാരണം | 49 | 30/06/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |
| 5 | മൈത്രി റോഡ് പുനരുദ്ധാരണം | 12.5 | 30/06/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |
| 6 | ബാലഭദ്ര റോഡ് നിർമ്മാണം | 34 | 01/07/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |
| 7 | സ്കൂൾമുറ്റം കിഴക്കേ ജെട്ടി റോഡ് | 33.7 | 07/07/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |
| 8 | സ്കൂൾമുറ്റം കിഴക്കേ റോഡ് | 23.4 | 03/07/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |
| 9 | തൈക്കടൻപ്പള്ളി റോഡ് | 30 | 22/08/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |
| 10 | തച്ചേരി റാസിലൈൻ റോഡ് | 16.7 | 22/08/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |
| 11 | ഇളഞ്ഞ നികേത റോഡ് | 37.4 | 22/08/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| 12 | കണ്ടത്തി പേരാട് റോഡ് | 32.9 | 22/08/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |
| 13 | ഊക്കൻസ് റോഡ് | 30 | 22/08/2025 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കുന്നു. |

## അനുബന്ധം – 5

## വൈപ്പിൻ മണ്ഡലത്തിൽ തീരദേശ വികസന കോർപ്പറേഷൻ നടപ്പിലാക്കിയ പദ്ധതികൾ

### PMMSY സംയോജിത ആധുനിക മത്സ്യഗ്രാമപദ്ധതി, നായരമ്പലം

| പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|
| ഫിഷ് ലാൻഡിങ് സെൻററും അനുബന്ധപ്രവൃത്തികളും<br>ടോയിലറ്റ് ബ്ലോക്ക് നിർമ്മാണം | 156.6 | പദ്ധതി പുരോഗമിക്കുന്നു |
| പുത്തൻകടപ്പുറം എഫ്.എൽ.സി യിൽ ടോയിലറ്റ് ബ്ലോക്ക് നിർമ്മാണം | 23.8 | ആരോഗ്യ വകുപ്പിൽ നിന്നും NOC ലഭ്യമായാലുടൻ പ്രവൃത്തി ആരംഭിക്കുന്നതാണ് |
| ഫിഷ്പ്രോസസിംഗ് യൂണിറ്റ് | 134.43 | ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു |
| Multipurpose utility center | 126 | പ്രവൃത്തിസ്ഥലം ലഭ്യമായിട്ടില്ല |
| Ecotourism activities | 94.2 | പ്രവൃത്തി പുരോഗമിക്കുന്നു. |
| Coastal Bioshielding | 25 | ടെണ്ടർ നടപടി പുരോഗമിക്കുന്നു |
| റീഫ് നിക്ഷേപപദ്ധതി | 31 | പദ്ധതി പുരോഗമിക്കുന്നു |
| ഇലക്ട്രിക് ഓട്ടോ കിയോസ്ക് വിതരണപദ്ധതി | 37.5 | പദ്ധതി പുരോഗമിക്കുന്നു |

### ക്ലൈമറ്റ് റസീലിയൻറ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, എടവനക്കാട്

| പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|
| കോമൺ മാർക്കറ്റ് നിർമ്മാണം | 135.00 | പദ്ധതി അവാർഡ് ചെയ്തിട്ടുണ്ട് |
| സോളാർ മിനിമാസ്റ്റ് ലൈറ്റ് | 8.00 | പദ്ധതി പുരോഗമിക്കുന്നു |
| ഫിഷ് വെൻറിംഗ് കിയോസ്ക് | 16.00 | റീ ടെണ്ടർ നടപടികൾ സ്വീകരിച്ചു |
| ബ്രാക്കിഷ് വാട്ടർ അക്വാകൾച്ചർ | 36.75 | പദ്ധതി പുരോഗമിക്കുന്നു |

### ക്ലൈമറ്റ് റസീലിയൻറ് കോസ്റ്റൽ ഫിഷിംഗ് വില്ലേജ്, ഞാറയ്ക്കൽ

| പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|

| | | |
|---|---|---|
| കോമൺ മാർക്കറ്റ് നിർമ്മാണം | 118.00 | പദ്ധതി അവാർഡ് ചെയ്തിട്ടുണ്ട് |
| സോളാർ മിനിമാസ്റ്റ് ലൈറ്റ് | 8.00 | പദ്ധതി പുരോഗമിക്കുന്നു |
| ഓട്ടോഫിഷ് വെൻറിംഗ്കിയോസ്ക് | 25.50 | ടെണ്ടർ നടപടി പുരോഗമിക്കുന്നു |
| ബ്രാക്കിഷ് വാട്ടർ കൾച്ചർ അക്വാകൾച്ചർ | 36.75 | പദ്ധതി പുരോഗമിക്കുന്നു |